# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4317** **13/12/2018-ൽ മറുപടിയ്ക്ക്**

## 1969-ലെ സഹകരണ നിയമം ഭേദഗതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.കെ.വി.വിജയദാസ്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | ഈ സർക്കാർ കാലയളവിൽ 1969-ലെ സഹകരണ നിയമത്തിലെ (ഭേദഗതികൾ ഉൾപ്പെടെ) എത്ര വകുപ്പുകൾ ഭേദഗതി ചെയ്തിട്ടുണ്ട്; ഭേദഗതി ചെയ്ത വകുപ്പുകളും ഭേദഗതികളും വിശദമാക്കുമോ; | (എ) & (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 1969 ലെ കേരള സഹകരണ സംഘംനിയമത്തിലെ 7 വകുപ്പുകളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഭേദഗതി വിജ്ഞാപനങ്ങളുടേയും ഓർഡിനൻസുകളുടേയും പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ഈ ഭേദഗതികളിന്മേൽ തയ്യാറാക്കിയിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7 / Vol. VII | തിരുവനന്തപുരം, വ്യാഴം / Thiruvananthapuram, Thursday | 2018 ഏപ്രിൽ 19 / 19th April 2018 / 1193 മേടം 6 / 6th Medam 1193 / 1940 ചൈത്രം 29 / 29th Chaithra 1940 | നമ്പർ / No. 1008 |

## കേരള സർക്കാർ

നിയമ (നിയമനിർമ്മാണം-എച്ച്) വകുപ്പ്

### വിജ്ഞാപനം

*2018 ഏപ്രിൽ 7*

നമ്പർ 25263/ലെഗ്.എച്ച്1/2017/നിയമം. *തിരുവനന്തപുരം, 1193 മീനം 24*

*1940 ചൈത്രം 17.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2018 ഏപ്രിൽ 7-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,
*നിയമ സെക്രട്ടറി.*

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.
33/1461/2018/S-2.

2018-ലെ 11-ാം ആക്റ്റ്

# 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റ്

1969-ലെ കേരള സഹകരണ സംഘ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്.

പീഠിക.—1969-ലെ കേരള സഹകരണ സംഘ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2017 ഡിസംബർ 26-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 88-ാം വകുപ്പിന്റെ ഭേദഗതി.—1969-ലെ കേരള സഹകരണ സംഘ ആക്റ്റിലെ (1969-ലെ 21) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 88-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എ) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ സർക്കിളിനകത്തുള്ള വിവിധ വിഭാഗം അഫിലിയേറ്റഡ് സംഘങ്ങളെ പ്രതിനിധീകരിച്ചുകൊണ്ട്, അങ്ങനെയുള്ള ഓരോ വിഭാഗം സംഘങ്ങളിലെയും കമ്മിറ്റി അംഗങ്ങൾ അവർക്കിടയിൽനിന്നും തെരഞ്ഞെടുക്കുന്ന ഏഴ് അംഗങ്ങൾ;".

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ് (2018-ലെ 2) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽതന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

(ശരിത്തർജ്ജമ)

എസ്. സന്ധ്യ,
*അഡീഷണൽ നിയമ സെക്രട്ടറി.*

©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2018 സെപ്റ്റംബർ 12<br>12th September 2018<br>1194 ചിങ്ങം 27<br>27th Chingam 1194<br>1940 ഭാദ്രം 21<br>21st Bhadra 1940 | നമ്പർ<br>No. 2310 |

## GOVERNMENT OF KERALA

**Law (Legislation-H) Department**

## NOTIFICATION

No. 14403/Leg.H2/2018/Law.

*Dated, Thiruvananthapuram,* *12th September, 2018*
*27th Chingam, 1194*
*21st Bhadra, 1940.*

The following Ordinance promulgated by the Governor of Kerala on the 12th day of September, 2018 is hereby published for general information.

By order of the Governor,

B. G. Harindranath,
*Law Secretary.*

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2018.

33/3433/2018/S-2.

# ORDINANCE No. 46 OF 2018

## THE KERALA CO-OPERATIVE SOCIETIES (SECOND AMENDMENT) ORDINANCE, 2018

Promulgated by the Governor of Kerala in the Sixty-ninth Year of the Republic of India.

*AN*

*ORDINANCE*

*further to amend the Kerala Co-operative Societies Act, 1969.*

*Preamble.*—WHEREAS, the Kerala Co-operative Societies (Second Amendment) Ordinance, 2018 (38 of 2018) was promulgated by the Governor of Kerala on the 5th day of July, 2018;

AND WHEREAS, a Bill to replace the said Ordinance by an Act of the State Legislature could not be introduced in, and passed by the Legislative Assembly of the State of Kerala during its session which commenced on the 30th day of August, 2018 and ended on the same day;

AND WHEREAS, under sub-clause (a) of clause (2) of Article 213 of the Constitution of India, the Kerala Co-operative Societies (Second Amendment) Ordinance, 2018 (38 of 2018) will cease to operate on the 11th day of October, 2018;

AND WHEREAS, difficulties will arise if the provisions of the said Ordinance are not kept alive;

AND WHEREAS, the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the Kerala Co-operative Societies (Second Amendment) Ordinance, 2018.

(2) It shall be deemed to have come into force on the 5th day of July, 2018.

2. *Act 21 of 1969 to be temporarily amended.*—During the period of operation of this Ordinance, the Kerala Co-operative Societies Act, 1969 (21 of 1969) (hereinafter referred to as the principal Act), shall have effect subject to the amendments specified in sections 3 and 4.

3. *Amendment of section 2.*—In section 2 of the principal Act, after clause (od), the following clause shall be inserted, namely:—

"(oe) "Primary Tourism Co-operative Society" means a society having its area of operation confined to a taluk and the principal object of which is to promote, organise and assist tourism activities:

Provided that, those societies in existence at the commencement of the Kerala Co-operative Societies (Second Amendment) Ordinance, 2018 having more than one taluk as its area of operation shall restrict such area of operation to the taluk where the headquarters of the society is situated within a period of six months.".

4. *Amendment of section 28.*—In the principal Act, in section 28, after sub-section (1D), the following sub-section shall be inserted, namely:—

"(1DA) Notwithstanding anything contained in this Act or in any judgment, decree or order of any Court, the registration of any Primary Tourism Co-operative Society without bifurcation of area, assets and liabilities of the society and the constitution of the committee pursuant to any such registration without such bifurcation shall be void and the Registrar shall appoint a Special Officer for each of such societies.".

5. *Repeal and saving.*—(1) The Kerala Co-operative Societies (Second Amendment) Ordinance, 2018 (38 of 2018) is hereby repealed.

(2) Notwithstanding such repeal, anything done or any action taken under the principal Act as amended by the said Ordinance shall be deemed to have been done or taken under the principal Act as amended by this Ordinance.

P. SATHASIVAM,
*GOVERNOR.*

©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, വെള്ളി<br>Thiruvananthapuram, Friday | 2018 ഒക്ടോബർ 5<br>5th October 2018<br>1194 കന്നി 19<br>19th Kanni 1194<br>1940 ആശ്വിനം 13<br>13th Aswina 1940 | നമ്പർ<br>No. 2506 |

## GOVERNMENT OF KERALA

### Law (Legislation-H) Department

### NOTIFICATION

No. 20842/Leg.H2/2018/Law.

*Dated, Thiruvananthapuram,* *5th October, 2018*
*19th Kanni, 1194*
*13th Aswina, 1940.*

The following Ordinance promulgated by the Governor of Kerala on the 5th day of October, 2018 is hereby published for general information.

By order of the Governor,

B. G. Harindranath,
*Law Secretary.*

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2018.

33/3721/2018/S-11.

## ORDINANCE No. 51 OF 2018

## THE KERALA CO-OPERATIVE SOCIETIES (THIRD AMENDMENT) ORDINANCE, 2018

Promulgated by the Governor of Kerala in the Sixty-ninth Year of the Republic of India.

*AN*

*ORDINANCE*

*further to amend the Kerala Co-operative Societies Act, 1969.*

*Preamble.*—WHEREAS, it is expedient further to amend the Kerala Co-operative Societies Act, 1969 (21 of 1969) for the purposes hereinafter appearing;

AND WHEREAS, the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the Kerala Co-operative Societies (Third Amendment) Ordinance, 2018.

(2) It shall come into force at once.

2. *Act 21 of 1969 to be temporarily amended.*—During the period of operation of this Ordinance, the Kerala Co-operative Societies Act, 1969 (21 of 1969) (hereinafter referred to as the principal Act) shall have effect subject to the amendment specified in section 3.

3. *Amendment of section 28.*—In the principal Act, in section 28 after sub-section (1J) the following sub-section shall be added, namely:—

"(1K) Notwithstanding anything contained in this Act or Rules made thereunder or Bye-laws, in a Regional Milk Producers Union having jurisdiction over more than one revenue district, the members of the Committee representing each revenue district shall be elected by the member societies of that particular revenue district itself from among themselves.".

P.SATHASIVAM,
*GOVERNOR.*

©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2017 ഒക്ടോബർ 10<br>10th October 2017<br>1193 കന്നി 24<br>24th Kanni 1193<br>1939 ആശ്വിനം 18<br>18th Aswina 1939 | നമ്പർ<br>No. 2204 |

## കേരള സർക്കാർ

നിയമ (നിയമനിർമ്മാണം-എച്ച്) വകുപ്പ്

### വിജ്ഞാപനം

നമ്പർ 7932/ലെഗ്.എച്ച്2/2017/നിയമം.

*തിരുവനന്തപുരം, 2017 സെപ്റ്റംബർ 13*
*1193 ചിങ്ങം 28*
*1939 ഭാദ്രം 22.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2017 സെപ്റ്റംബർ 13-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,

*നിയമ സെക്രട്ടറി.*

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2017.

33/3580/2017/S-13.

2017-ലെ 14-ാം ആക്റ്റ്

# 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റ്

## 1969-ലെ കേരള സഹകരണ സംഘ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—1969-ലെ കേരള സഹകരണ സംഘ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2017 ഏപ്രിൽ 10-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1969-ലെ കേരള സഹകരണ സംഘ ആക്റ്റിലെ (1969-ലെ 21) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ, (ഐഎ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഐഎ) "ജില്ലാ സഹകരണ ബാങ്ക്" എന്നാൽ, ഒരു റവന്യൂ ജില്ലയിൽ അധികാരിതയുള്ളതും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അർബൻ സഹകരണ ബാങ്കുകളും അതിന്റെ അംഗങ്ങളായിട്ടുള്ളതും, നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗങ്ങൾ ഉൾപ്പെടെ അതിലെ അംഗങ്ങൾക്ക് വായ്പ നൽകുന്നതിന് ഫണ്ട് സ്വരൂപിക്കുക എന്ന പ്രധാന ഉദ്ദേശ്യം ഉള്ളതുമായ ഒരു കേന്ദ്രസംഘം എന്ന് അർത്ഥമാകുന്നു;".

3. 16എ വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 16എ വകുപ്പ് വിട്ടുകളയേണ്ടതാണ്.

4. 18-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 18-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന്, രണ്ടാം ക്ലിപ്തനിബന്ധനയ്ക്കുശേഷം, താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല, ഒരു ജില്ലാ സഹകരണ ബാങ്കിന്, അതിന്റെ പ്രവർത്തന പരിധിയിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അർബൻ സഹകരണ ബാങ്കുകളും ഒഴികെയുള്ള, ഈ ആക്റ്റിന്റെ വ്യവസ്ഥകളിൻകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏതൊരു സഹകരണ സംഘത്തേയും ഒരു നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗമായി ചേർക്കാവുന്നതാണ്.".

5. 19എ വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 19എ വകുപ്പ് വിട്ടുകളയേണ്ടതാണ്.

6. 28-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 28-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ, മൂന്നാം ക്ലിപ്തനിബന്ധനയ്ക്കു പകരം താഴെ പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല, ഏതെങ്കിലും സംഘത്തിന്റെ ബൈലോകളിൽ അടങ്ങിയിട്ടുള്ള വിരുദ്ധമായ ഏതെങ്കിലും വ്യവസ്ഥകൾ പരിഗണിക്കാതെ സംഘങ്ങളിലെ കമ്മിറ്റികളിലേക്കുള്ള തെരഞ്ഞെടുപ്പ് വാർഡ് അടിസ്ഥാനത്തിൽ നടത്താൻ പാടില്ലാത്തതാകുന്നു."

(ബി) (1എച്ച്) ഉപവകുപ്പിൽ, "ഏറ്റവും കുറഞ്ഞത് ഒരു" എന്ന വാക്കുകൾക്ക് പകരം "ഏറ്റവും കുറഞ്ഞത് രണ്ട്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) (1ഐ) ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

7. 32-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 32-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിലെ മൂന്നാം ക്ലിപ്തനിബന്ധനയ്ക്കുശേഷം, നിലവിലെ വിശദീകരണം, വിശദീകരണം II ആയി അക്കമിടേണ്ടതും അങ്ങനെ അക്കമിട്ട വിശദീകരണം II-നു മുമ്പായി താഴെപ്പറയുന്ന വിശദീകരണം ചേർക്കേണ്ടതുമാണ്, അതായത്:—

"വിശദീകരണം I:—ഈ ക്ലിപ്തനിബന്ധനയുടെ ആവശ്യങ്ങൾക്കായി, ധനസഹായം എന്നതിൽ, കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ്, കേരള സഹകരണ നിക്ഷേപ ഗ്യാരന്റി നിധി ബോർഡ് നടപ്പിലാക്കുന്ന നിക്ഷേപ ഗ്യാരന്റി പദ്ധതി, കേരള കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് ആന്റ് വെൽഫെയർ ഫണ്ട് ബോർഡ് നടപ്പിലാക്കുന്ന കേരള കോ-ഓപ്പറേറ്റീവ് റിസ്ക് ഫണ്ട് സ്കീം, നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആന്റ് റൂറൽ ഡെവലപ്മെന്റ്, നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ, സംസ്ഥാനത്തിന്റെയോ കേന്ദ്ര സർക്കാരിന്റെയോ നിയന്ത്രണത്തിൻകീഴിലുള്ള മറ്റേതെങ്കിലും ധനകാര്യസ്ഥാപനം എന്നിവയിൽ നിന്നുള്ള ഏതെങ്കിലും ധനസഹായവും കൂടാതെ പ്രസ്തുത സ്ഥാപനങ്ങൾ ഗ്യാരന്റി ചെയ്യുന്ന മറ്റേതെങ്കിലും ധനസഹായവും ഉൾപ്പെടുന്നു.".

8. നിലവിലുള്ള ജില്ലാ സഹകരണ ബാങ്കുകളെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.—(1) പ്രധാന ആക്റ്റിലോ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ മറ്റ് അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും; 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസിന്റെ (2017-ലെ 4) പ്രാരംഭത്തീയതിയിൽ,—

(എ) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അർബൻ സഹകരണ ബാങ്കുകളും ഒഴികെയുള്ള ഒരു ജില്ലാ സഹകരണ ബാങ്കിലെ അംഗങ്ങൾ അപ്രകാരമുള്ള ജില്ലാ സഹകരണ ബാങ്കുകളുടെ നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗങ്ങളായിത്തീരുന്നതാണ്;

(ബി) ജില്ലാ സഹകരണ ബാങ്കുകളുടെ ഔദ്യോഗിക സ്ഥാനത്തുള്ള കമ്മിറ്റികൾ നിലവിലില്ലാതായിത്തീരുന്നതും രജിസ്ട്രാർക്ക് ഒരു പുതിയ കമ്മിറ്റിയെയോ ഒന്നോ അതിലധികമോ ഭരണാധിപനെയോ അല്ലെങ്കിൽ ഭരണാധിപന്മാരെയോ, അവർ സംഘത്തിൽ അംഗമായിരിക്കണമെന്നില്ല, ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന, ആറുമാസത്തിൽ കവിയാത്ത ഒരു കാലയളവിലേക്ക്, ബാങ്കിന്റെ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനായി നിയമിക്കുവാൻ അധികാരമുണ്ടായിരിക്കുന്നതും, ആ കാലയളവ്, രജിസ്ട്രാറുടെ വിവേചനാധികാരം ഉപയോഗിച്ച്, അതതുസമയങ്ങളിൽ നീട്ടാവുന്നതും, എന്നാൽ, മൊത്തം കാലയളവ് ഒരു വർഷത്തിൽ കവിയാൻ പാടില്ലാത്തതുമാകുന്നു.

(2) (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന കമ്മിറ്റിക്കോ, ഭരണാധിപനോ ഭരണാധിപന്മാർക്കോ, രജിസ്ട്രാറുടെ നിയന്ത്രണത്തിനും അതതുസമയങ്ങളിൽ അദ്ദേഹം നൽകിയേക്കാവുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾക്കും വിധേയമായി, കമ്മിറ്റിയുടെയോ സംഘത്തിന്റെ ഏതെങ്കിലും ആഫീസറുടെയോ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതും സംഘത്തിന്റെ താൽപ്പര്യത്തിന് ആവശ്യമായിവരാവുന്ന അങ്ങനെയുള്ള നടപടി എടുക്കേണ്ടതുമാണ്.

(3) കമ്മിറ്റിയോ ഭരണാധിപനോ ഭരണാധിപന്മാരോ അതിന്റെ അല്ലെങ്കിൽ അയാളുടെ അല്ലെങ്കിൽ അവരുടെ ഔദ്യോഗിക കാലാവധി അവസാനിക്കുന്നതിന് മുൻപ് പ്രധാന ആക്റ്റിലും ബാങ്കിന്റെ ബൈലോകളിലും അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്കനുസൃതമായി ഒരു പുതിയ ഭരണസമിതിയുടെ രൂപീകരണത്തിനുവേണ്ട ഏർപ്പാട് ചെയ്യേണ്ടതാണ്.

9. റദ്ദാക്കലും ഒഴിവാക്കലും.—(1) 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ് (2017-ലെ 17) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

(ശരിത്തർജ്ജമ)

എസ്. സന്ധ്യ,

*അഡീഷണൽ നിയമ സെക്രട്ടറി.*